**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3243

24..06.2013-ൽ മറുപടിയ്ക്ക്

**മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ വിശദവിവരം**

| | ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന മന്ത്രിസഭയിൽ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്ക്, ഓരോരുത്തർക്കും അവരുടെ ഓഫീസുകളിൽ പരമാവധി എത്രയാളുകളെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന മന്ത്രിസഭയിൽ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്ക് ഓരോരുത്തർക്കും പേഴ്സണൽ സ്റ്റാഫിൽ പരമാവധി 30 പേരെ നിയമിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്പോൾ മുഖ്യമന്ത്രിയുടെയും ഓരോ മന്ത്രിമാരുടെയും ഓഫീസിൽ എത്ര പേഴ്സണൽ സ്റ്റാഫ് അംഗങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫുകളുടെ എണ്ണം, ഗസറ്റഡ് / നോൺ ഗസറ്റഡ് ജീവനക്കാരുടെ എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ എത്ര പേർ ഗസറ്റഡ് ഓഫീസർ മാരാണെന്നും എത്രപേർ നോൺ ഗസറ്റഡ് ജീവനക്കാരാണെന്നും വ്യക്തമാക്കുമോ ; | (സി) | |
| (ഡി) | മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിലുള്ള ഗസറ്റഡ് ഓഫീസർമാരിൽ എസ്. എസ്. എൽ.സി. പാസ്സായിട്ടില്ലാത്ത എത്ര പേരുണ്ടെന്ന് ഓഫീസ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ? | (ഡി) | മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ എസ്.എസ്.എൽ.സി പാസാകാത്ത ആരും ഗസറ്റഡ് തസ്തികയിലില്ല. മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം. | ഓഫീസ് | പേഴ്സണൽ സ്റ്റാഫുകളുടെ എണ്ണം | നോൺ-ഗസറ്റഡ് തസ്തികയിലുള്ളവർ | ഗസറ്റഡ് തസ്തികയിലുള്ളവർ |
|---|---|---|---|---|
| 1. | മുഖ്യമന്ത്രി | 29 | 17 | 12 |
| 2. | വ്യവസായ വകുപ്പ് മന്ത്രി | 29 | 19 | 10 |
| 3. | സഹകരണ വകുപ്പ് മന്ത്രി | 30 | 18 | 12 |
| 4. | നഗരവികസന വകുപ്പ് മന്ത്രി | 28 | 14 | 14 |
| 5. | ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി | 29 | 18 | 11 |
| 6. | കൃഷിയും മൃഗ സംരക്ഷണവും വകുപ്പ് മന്ത്രി | 29 | 13 | 16 |
| 7. | തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി | 30 | 16 | 14 |
| 8. | ധനകാര്യ വകുപ്പ് മന്ത്രി | 29 | 10 | 19 |
| 9. | ജല വിഭവ വകുപ്പ് മന്ത്രി | 30 | 13 | 17 |
| 10. | വിദ്യാഭ്യാസ വകുപ്പ് മന്ത്രി | 30 | 19 | 11 |
| 11. | ആഭ്യന്തരവും വിജിലൻസ് വകുപ്പ് മന്ത്രി | 28 | 17 | 11 |
| 12. | പൊതു മരാമത്ത് വകുപ്പ് മന്ത്രി | 30 | 13 | 17 |
| 13. | ഭക്ഷ്യം, സിവിൽ സപ്ലൈസ് & രജിസ്ട്രേഷൻ വകുപ്പ് മന്ത്രി | 30 | 17 | 13 |
| 14. | ഊർജ്ജ ഗതാഗത വകുപ്പ് മന്ത്രി | 30 | 16 | 14 |
| 15. | പഞ്ചായത്തും സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രി | 30 | 10 | 20 |
| 16. | ഗ്രാമവികസനം, ആസൂത്രണ വകുപ്പ് മന്ത്രി | 29 | 16 | 13 |
| 17. | എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി | 28 | 16 | 12 |
| 18. | പട്ടിക ജാതി പിന്നോക്ക ക്ഷേമവും ടൂറിസവും വകുപ്പ് മന്ത്രി | 29 | 19 | 10 |
| 19. | പട്ടിക വർഗ്ഗ യുവജനക്ഷേമ വകുപ്പ് മന്ത്രി | 30 | 18 | 12 |
| 20. | റവന്യൂ വകുപ്പ് മന്ത്രി | 27 | 15 | 12 |

സെക്ഷൻ ഓഫീസർ